# Telephone Conversation between PM and King of the Kingdom of Bahrain

April 06, 2020

## പ്രധാനമന്ത്രിയും ബഹറിനിലെ രാജാവും തമ്മിലുള്ള ടെലിഫോൺ സംഭാഷണം

ഏപ്രിൽ 06, 2020

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡി ബഹ്‌റൈനിലെ രാജാവായ ഹമദ് ബിൻ ഇസ അൽ ഖലീഫയും ഇന്ന് ടെലിഫോണിലൂടെ സംഭാഷണം നടത്തി.

തുടർന്ന് വരുന്ന കോവിഡ്-19 ആരോഗ്യ പ്രതിസന്ധിയും വില്പന വിതരണ ശൃംഖലയിലും സാമ്പത്തിക വിപണിയിലും ഉൾപ്പടെ ഇതേ തുടർന്നുള്ള പ്രത്യാഘാതങ്ങളും ഇരു നേതാക്കളും ചർച്ച ചെയ്തു.

നിലവിലെ ആരോഗ്യ പ്രതിസന്ധിയിൽ ബഹ്‌റൈനിലെ വലിയ തോതിലുള്ള ഇന്ത്യൻ ജനതയ്ക്ക് തന്റെ വ്യക്തിഗതമായ ശ്രദ്ധ ഉണ്ടാകുന്നതാണെന്ന് രാജാവ് പ്രധാനമന്ത്രിയ്ക്ക് ഉറപ്പു നൽകി. ബഹ്‌റൈൻ അധികാരികൾ ഇന്ത്യൻ പ്രവാസികൾക്ക് നൽകുന്ന കരുതലിനും ശ്രദ്ധയ്ക്കും പ്രധാനമന്ത്രി ഹൃദയംഗമമായ നന്ദി പ്രകടിപ്പിച്ചു.

കോവിഡ്-19 മൂലമുള്ള പ്രതിസന്ധികളെ എതിരിടുന്നതിനും സാധ്യമായ സഹായങ്ങൾ പരസ്പരം വാഗ്ദാനം ചെയ്യുന്നതിനും തങ്ങളുടെ ഉദ്യോഗസ്ഥർ സ്ഥിരമായ സമ്പർക്കം സൂക്ഷിക്കുമെന്നും നേതാക്കൾ സമ്മതിച്ചു.

ബഹ്‌റൈനെ വിദൂര അയൽ രാജ്യങ്ങളിൽ പ്രധാനപ്പെട്ട ഒന്നായി ഇന്ത്യ കരുതുന്നുവെന്നും പ്രധാനമന്ത്രി ബഹ്‌റൈൻ രാജാവിനോട് പറഞ്ഞു. ബഹറൈനിലേക്കുള്ള കഴിഞ്ഞ വർഷത്തെ തന്നെ സന്ദർശനം ഊഷ്മളമായ ഒരനുഭവമായിരുന്നുവെന്നു അദ്ദേഹം സ്മരിച്ചു.

**ന്യൂ ഡൽഹി**
**06 ഏപ്രിൽ, 2020**

DISCLAIMER : This is an approximate translation. The original is available in English on MEA's website and may be referred to as the official press releas